**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1879** **12-09-2023 - ൽ മറുപടിയ്ക്ക്**

**വ്യാജരേഖകൾ ഹാജരാക്കി കോളേജിൽ പ്രവേശനം നേടിയ സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം എം.എസ്.എം. കോളേജിൽ വ്യാജരേഖകൾ ഹാജരാക്കി ഒരു വിദ്യാർത്ഥി എം.കോമിന് പ്രവേശനം നേടിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായംകുളം എം.എസ്.എം. കോളേജിൽ നിഖിൽ എം. തോമസ് എന്ന വിദ്യാർത്ഥി ഛത്തീസ്ഗഡിലെ കലിംഗ സർവകലാശാലയുടെ ബി.കോം (ബാങ്കിങ് ആൻഡ് ഫിനാൻസ്) ബിരുദത്തിന്റെ വ്യാജരേഖകൾ സമർപ്പിച്ചുകൊണ്ട് എം.കോം. പ്രവേശനം നേടിയതായി ശ്രദ്ധയിൽപെട്ടതിനെത്തുടർന്ന് അന്വേഷണം നടത്തുന്നതിനായി കേരള സർവകലാശാല രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, IQAC ഡയറക്ടർ എന്നിവരടങ്ങിയ ഉപസമിതി കോളേജിലെ അധ്യാപക-അനധ്യാപകരെ പങ്കെടുപ്പിച്ചു കൊണ്ട് ഹിയറിങ് നടത്തുകയും എം.എസ്.എം. കോളേജ് വീഴ്ച്ച വരുത്തിയതായി കണ്ടെത്തുകയും തുടർനടപടി സ്വീകരിക്കുകയും ചെയ്തു. കൂടാതെ ടി വിദ്യാർത്ഥിക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനായി കേരളപോലീസിൽ സർവകലാശാല പരാതിയും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോളേജിലെ ബി.കോം പഠനം പൂർത്തിയാക്കാത്ത വിദ്യാർത്ഥി, അതേ കാലയളവിൽ തന്നെ കലിംഗ സർവകലാശാലയിൽ പഠിച്ച് ബിരുദം നേടിയ സർട്ടിഫിക്കറ്റ് പി.ജി പ്രവേശനത്തിന് ഹാജരാക്കിയത് പരിശോധിക്കാതിരുന്ന കോളേജിന്റെയും സർവകലാശാലയുടെയും നടപടി ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സ്ഥാപനത്തിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച ഗൗരവമായി കാണുന്നു.<br><br>ഉന്നത പഠനത്തിനുള്ള പ്രവേശനത്തിനായി സമർപ്പിക്കുന്ന രേഖകളുടെ ആധികാരികതയും വിശ്വാസ്യതയും പരിശോധിക്കേണ്ട ബാധ്യത അതത് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. |
| (സി) | മേൽ സൂചിപ്പിച്ച വിദ്യാർത്ഥിയുടെ കലിംഗ സർവകലാശാലയിൽ പഠിച്ചിട്ടുണ്ടെന്ന സർട്ടിഫിക്കറ്റ് വ്യാജമെന്ന് കലിംഗ സർവകലാശാല രജിസ്ട്രാർ റിപ്പോർട്ട് നൽകിയ സാഹചര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | കലിംഗ സർവകലാശാല രജിസ്ട്രാറുടെ റിപ്പോർട്ട് ലഭിച്ചതിനെ തുടർന്ന് ടി വിദ്യാർത്ഥിയുടെ ബിരുദത്തിനു അംഗീകാരം നൽകികൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് കേരള സർവകലാശാല റദ്ദാക്കുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ നൽകിയ എലിജിബിലിറ്റി |

| | | | |
|---|---|---|---|
| | | | സർട്ടിഫിക്കറ്റ് അസാധുവായി പ്രഖ്യാപിക്കുകയും ചെയ്തു. കൂടാതെ ടി വിദ്യാർത്ഥിയുടെ എം. കോം പ്രവേശനം റദ്ദാക്കുകയും ചെയ്തു.<br><br>27.06.2023 ലെ സിൻഡിക്കറ്റ് യോഗം ടി വിദ്യാർത്ഥിയെ കേരള സർവകലാശാലയിൽ നിന്നും വിലക്കുന്നതിനും, പരീക്ഷാഫലങ്ങൾ റദ്ദു ചെയ്യുന്നതിനും ഭാവിയിൽ യാതൊരുവിധ കോഴ്സിനും ചേരുന്നത് വിലക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>പുറമെ, ടി വിദ്യാർത്ഥിക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനായി കേരളപോലീസിൽ സർവകലാശാല പരാതി നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സംഭവത്തിൽ സർവകലാശാല തലത്തിൽ അട്ടിമറി നടന്നിട്ടുണ്ടോയെന്ന് അന്വേഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | സർവകലാശാല തലത്തിൽ അട്ടിമറി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ